പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1744 — 04.10.2011-ൽ മറുപടിയ്ക്ക്

വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തൽ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. പാലോട് രവി :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെൻറ് അധികാരമേറ്റ ശേഷം വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br>(ബി) വൈദ്യുതി വിതരണ ശൃംഖല മെച്ച പ്പെടുത്തുന്നതിൻെറ ഭാഗമായി എത്ര കി. മീ 11 കെ. വി ലൈൻ നിർമ്മിച്ചി ട്ടുണ്ട് ;<br>(സി) എത്ര പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട് ; | (എ) (ബി) & (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി 1,204 കി. മീ 11 കെ.വി ലൈൻ നിർമ്മിക്കുകയും, 1,850 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും, 1,948 കി.മീ സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുകയും 3,522 കി.മീ റീകണ്ടക്ടറിംഗ് പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഏതെല്ലാം ജില്ലകളിൽ കേടായിരുന്ന മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) തിരുവനന്തപുരം (അർബൻ), കൊല്ലം, പത്തനംതിട്ട, പാലാ, എറണാകുളം, കണ്ണൂർ എന്നീ സർക്കിളുകളിൽ കേടായ മീറ്ററുകൾ മുഴുവൻ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൊട്ടാരക്കര, കോട്ടയം, കൽപ്പറ്റ എന്നീ സർക്കിളുകളിലെ കേടായ മീറ്ററുകൾ നേരത്തേ തന്നെ മാറ്റി സ്ഥാപിച്ചിരുന്നു. ഈ സർക്കാർ വന്നതിന് ശേഷം 2.71 ലക്ഷം മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.